40. Remedial measures against the present economic slump.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— കാലക്ഷാമം നിമിത്തം വിലയിടിവു വന്നിട്ടുള്ള ഭൂമികളുടെ വില വർദ്ധിക്കുവാൻ പര്യാപ്തമായ ഒരു പദ്ധതി ഉടനെ നടപ്പിൽ വരുത്തി ദുരിതബാധിതരായ കർഷകരെ രക്ഷിപ്പാൻ ഈ സഭ ഗവൺമെൻറിനോടു ശുപാർശ ചെയ്യുന്നു. ഇതാണെൻറ പ്രമേയം. എല്ലാ സംഗതികളിലും അപ്രായോഗിക വാദം നടത്തുന്ന ഗവൺമെണ്ടു് അപ്രായോഗിക വാദം പറഞ്ഞു് ഇതിനെയും എതിർക്കുമായിരിക്കും. അതിലും ഞാൻ ഒട്ടുംതന്നെ അത്ഭുതപ്പെടുകയില്ല. എന്നാൽ ഇതു പ്രായോഗികമായിട്ടുള്ള ഒന്നാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ കാലക്ഷാമം എങ്ങിനെ ഉണ്ടായി എന്നാണു നാം ആദ്യമായി ആലോചിക്കേണ്ടതു്. ഏതാണ്ടു് 1110മുതൽ ഉല്പന്നങ്ങളുടെ വില ക്രമാതീതമായും അവിചാരിതമായും വർദ്ധിച്ചു. അപ്പോൾ ജനങ്ങൾ അന്നത്തെ വില വർദ്ധനവനുസരിച്ചുള്ള പലിശ മുട്ടിച്ചു് വസ്തുക്കൾ കടം എടുക്കുടികൾ നിരുത്തിയും വാങ്ങിക്കുവാൻ തുടങ്ങി. ആദ്യമുണ്ടായിരുന്ന വസ്തുക്കളുടേയും വാങ്ങിക്കുന്ന വസ്തുക്കളുടേയും പിരിവെട്ടത്തു കടം വീട്ടാമെന്ന പ്രതീക്ഷയോടുകൂടിയാണു കടംകൊണ്ടും വസ്തുക്കൾ മേടിക്കുവാൻതുടങ്ങിയതു് ഈ പിരിവെട്ടത്തു കുറിവെച്ചു വീട്ടാമെന്നു വിചാരിച്ചു കുറികളിൽചേർന്നു വിളിച്ചെടുത്തു് ആ കടങ്ങൾ വീട്ടീട്ടുണ്ടാവാം. ആ സന്ദർഭത്തിൽ അവിചാരിതമായി ഉല്പന്നങ്ങളുടെ വിലയിടിയുകയും തൻമൂലം വസ്തുക്കളിൽ നിന്നുള്ള പിരിവുകൊണ്ടു കുറി നടത്തുവാൻ സാധിക്കാതെ വരികയും ചെയ്കയാലും, ഉല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുകയാൽ അതനുസരിച്ചും ജനങ്ങളുടെ ചിലവു വർദ്ധിപ്പിക്കുകയും പെട്ടെന്നുണ്ടായ ഈ സാമ്പത്തികാധഃപതനത്തിനനുസരിച്ചു ചിലവു ചുരുക്കുവാൻ സാധിക്കാതെ വരികയും ചെയ്കയാലുമാണു ജനങ്ങൾക്കു് ഇത്രയധികം ബുദ്ധിമുട്ടിനും കഷ്ടപ്പാടിനും ഇടയായി തീർന്നിട്ടുള്ളതു്. ഉല്പന്നങ്ങളുടെ വിലയനുസരിച്ചാണല്ലൊ വസ്തുക്കളുടെ വില കൂട്ടുന്നതും കുറയുന്നതും. എന്നതന്നെയല്ല, ലോകത്തിലുള്ള സകല പദാർത്ഥങ്ങളുടേയും വിലകൾക്കു തമ്മിൽ പരസ്പരബന്ധവും കൂടി ഉള്ളതാണല്ലൊ. 100കക്കു. 12ക. മുതലപലിശയായി കണക്കാക്കുമ്പോൾ 100ക.ക്കു 3ക.യും 4ക.യും 5ക.യും 6ക.യും പലിശ മുട്ടിച്ചു വസ്തുക്കൾ മേടിക്കാറുണ്ടെന്നുള്ളതും ഏവരും സമ്മതിക്കുന്നതാണു്. 100 നാളികേരത്തിനു 6ക.യും 7ക.യും 1പറ നെല്ലിനു 14നയും 12നയും 1തുലാം പച്ച അടക്കക്കു 5ക.യും 6ക.യും വിലയുണ്ടായിരുന്നതിൻെറ പിരിവു നോക്കി പലിശ മുട്ടിച്ചു വസ്തു മേടിച്ചതാകട്ടെ ഇപ്പോൾ അന്നത്തെ വിലയുടെ പകുതി കൂടി ഉല്പന്നങ്ങൾക്കില്ലെന്നു വന്നാൽ എന്തുവിലക്കു വസ്തു ഇപ്പോൾ വിൽക്കേണ്ടിവരുമെന്നു് ആലോചിക്കാൻ അധികം തലച്ചോറു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അന്ന

LIBRARY ARCHIVES Kerala Legislative Assembly

ത്തെ മര്യാദപലിശ 12 ശതമാനമാണെങ്കിൽ താരതമ്യേന ഇന്നത്തെ മര്യാദപലിശ 4 അല്ലെങ്കിൽ 5 ശതമാനമാക്കികുറക്കണം.

ഇപ്പോഴത്തെ കാലസ്ഥിതിക്കു 4ശതമാനമോ 5ശതമാനമോ ക്രടിയാൽ 6ശതമാനമോ മര്യാദപലിശയായി നിയന്ത്രിച്ചാൽ വസ്തു വാങ്ങുന്നവർ ക്രടിയാൽ 3ശതമാനം പലിശ മുട്ടിച്ചു വസ്തു വാങ്ങിക്കും. അങ്ങിനെയുള്ള ഒരു വ്യവസ്ഥ വന്നാൽ ഇപ്പോഴത്തെ ഉല്പന്നങ്ങളുടെ വില തോതനുസരിച്ചായാലും വസ്തുക്കൾക്കു വില ക്രടുതൽ കിട്ടുവാൻ മാർഗ്ഗമുണ്ട്. ഉരുപ്പികയുടെ പലിശ സ്വത്തുക്കളുടെ വിലയിടിവനുസരിച്ചു കുറക്കാതിരിക്കുന്നതുകൊണ്ടാണ് വലിയ സംഖ്യക്കു വാങ്ങീട്ടുള്ള വസ്തുക്കൾ മുരുങ്ങിയ സംഖ്യക്കു വിറ്റു പോകേണ്ടി വരുന്നതു്. പലിശ നിയന്ത്രണം ഈ സാമ്പത്തികാധഃപതനകാലത്തു പല പരിഷ്കൃത ഗവമ്മെണ്ടുകളും അംഗീകരിച്ചു പ്രവൃത്തിച്ചു വരുന്നതാണ്. മുതലാളിതപ്പത്തെ താങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഗവമ്മെണ്ടിനു മാത്രമെ ഇതു് അപ്രായോഗികവും ദുസ്സാദ്ധ്യവും ആയി തോന്നുകയുള്ളൂ. ഇതര ഗവമ്മെണ്ടുകൾക്കു് ഇതു ക്ഷിപ്രസാദ്ധ്യമാണെന്നു് അവർ വെളിപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. കാലസ്ഥിതിയനുസരിച്ചു പലിശ 6ശതമാനത്തിൽ ക്രടുതൽ വാങ്ങിക്കാൻ പാടില്ലെന്നു് ഒരു വിളംബരം ഗവമ്മെണ്ടു പ്രസിദ്ധീകരിച്ചാൽ ഋണബാധിതരായ കൊച്ചിയിലെ കർഷകർക്കു് അതു വലിയൊരു അനുഗ്രഹമായിരിക്കും. അങ്ങിനെ ഒരു നിയന്ത്രണം ഉണ്ടായാൽ പണവ്യാപാരികൾ വസ്തു മേടിക്കാനൊരുങ്ങും. ഈ 6ശതമാനം പലിശ കണക്കാക്കി വസ്തു മേടിക്കാൻ ആളുകളുണ്ടായാലും ഇപ്പോഴത്തേക്കാൾ ഇരട്ടി വില വസ്തുക്കൾക്കു കിട്ടാൻ മാർഗ്ഗമുണ്ട്. ഇതിനും പുറമെ വസ്തുക്കളുടെ വില കുറഞ്ഞതിന്റെ തോതനുസരിച്ചു കടം വെട്ടിച്ചുരുക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതിലും ഉത്തമർണ്ണന്മാർക്കു നഷ്ടത്തിനു വകാശമില്ല. 2000കയുടെ ഭൂമി 1000ക.ക്കു പണയം വാങ്ങി ഇപ്പോൾ ഭൂമിക്കു 1000ക. വിലയേ ഉള്ളൂവെങ്കിൽ അവരിൽനിന്നും വാങ്ങീട്ടുള്ള സംഖ്യയുടെ വിലയും താരതമ്യേന 500ക്.യാക്കി കുറക്കണമെന്നാണു ഞാൻ പറയുന്നതു്.

ജനങ്ങളുടെ ക്ഷാമനിവാരണത്തിനു ലോൺ വകുപ്പു ഏർപ്പെടുത്തുകയും പിന്നീടു് അതു നിറുത്തി അതിന്റെ സ്ഥാനത്തു കാമധേനുവായി സങ്കല്പിച്ചു ഒരു ഭൂപണയബാങ്കു് ഏർപ്പെടുത്തുകയും ഉണ്ടായെല്ലൊ. എന്നാൽ അതു് ആശ്ശം ഉപയോഗപ്പെടാതിരിക്കത്തക്ക വ്യവസ്ഥയോടുകൂടിയാണു് ആവിർഭവിച്ചതെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതു ജനങ്ങൾക്കു രക്ഷാകരമായിതീരുന്നതിനേക്കാൾ ദോഷകരമായി പരിണമിക്കാനാണു ന്യായം കാണുന്നതു്.

ഈ ഭൂപണയബാങ്കുകൊണ്ടു സകല ആളുകളുടേയും കഷ്ടതകൾക്കു പരിഹാരം ഉണ്ടാകുമെന്നാണു് ഗവമ്മെണ്ടിന്റെ വിശ്വാസം. ലാൻഡ്

LIBRARY ARCHIVES Kerala Legislative Assembly

മോർട്ടഗേജു ബാങ്കിൽനിന്നും കടം കിട്ടണമെങ്കിൽ ആ വസ്തുവിന്റെ സകല ചിലവും കഴിച്ചു എന്തു പാട്ടം ബാക്കി കിട്ടുമോ അതിന്റെ 15 ഇരട്ടി സംഖ്യയാണ് അവർ വില കാണുന്നതു്. നിയമസഭയിൽ വെച്ചു വസ്തുവിന്റെ കാണുന്ന വിലയുടെ 75 ശതമാനം സംഖ്യ കൊടുക്കുന്നതാണെന്നു ഗവൺമെണ്ടു സമ്മതിച്ചിട്ടുണ്ടെങ്കിലും 40 ശതമാനം എന്നു സഹകാര്യമായി തീർച്ചപ്പെടുത്തിയിരിക്കുന്നതായും കേൾക്കുന്നുണ്ടു്. എന്നു തന്നെയല്ല ഏതെങ്കിലും നിത്യവരായ്ക കഴിച്ചു ഇതു അടയ്ക്കുവാൻ വേറെ വല്ല വരായ്കകളുമുണ്ടെങ്കിൽ അതും കൂടി ക്രമേണകഷമായി പറ്റുമാലോചിച്ചു മാത്രമേ ടി സംഖ്യ കൊടുക്കുകയും ഉള്ളൂവത്രെ. ഇതു പ്രത്യേകിച്ചു കർഷകരേയും മറ്റു ആളുകളേയും ഒരുപോലെ ബാധിക്കുന്ന ഒരു വിഷയമായതുകൊണ്ടു് എന്റെ നിർദ്ദേശമനുസരിച്ചു് എന്തെങ്കിലും ചെയ്യാൽകൊള്ളാമെന്നാണു ഞാൻ ഗവൺമെണ്ടിനോടു് അവശ്യപ്പെടുന്നതു്.

Deputy President.— The Hon'ble Member may come to the point. As there are so many resolutions to be disposed of I limit the time to 20 minutes allowed by the Standing Orders.

മി: കെ. എസ്സ്. പണിക്കർ.— ഇതു പ്രത്യേകിച്ചു എല്ലാ ആളുകളേയും ആകെ ബാധിക്കുന്ന ഒരു വിഷയമായതുകൊണ്ടു എന്തെങ്കിലും ചെയ്യാൽ കൊള്ളാമെന്നാണു് ഞാൻ അവശ്യപ്പെടുന്നതു്. ഞാൻ ഇതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക മാത്രമെ ഇപ്പോൾ ചെയ്യുന്നുള്ളൂ. ഞാൻ ഇതു പ്രസ്സു ചെയ്യുവാൻ വിചാരിക്കുന്നില്ലാ. മറ്റൊരവസരത്തിൽ ഞാൻ ഒരിക്കൽകൂടി ഇതു കൊണ്ടുവന്നുകൊള്ളാമെന്നു വിചാരിച്ചു ഈ നിയമസഭയുടെ അനുമതിയോടുകൂടി ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution was, by leave, withdrawn.

41. All Aided Primary Schools to be taken over by Government.

Mr. P. Kumaran Ezhuthasan.— *"This Council recommends to the Government that all aided Primary Schools be taken over by the Government."*

Sir, There is particular necessity for moving this resolution today coming as it does after a motion for the introduction of compulsory primary eduction in the State. One method of introducing compulsion and one step in the line of compulsory primary education is to have the whole agency of primary education under Government. From the Administra-

LIBRARY ARCHIVES Kerala Legislative Assembly